# കോവിഡ് വാക്സിനേഷൻ തട്ടിപ്പ് - മുന്നറിയിപ്പുമായി റൂറൽ പോലിസ്

കോവിഡ് വാക്സിനേഷൻ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട തട്ടിപ്പിനെതിരെ ജാഗ്രതാ മുന്നറിയിപ്പുമായി റൂറൽ പോലിസ് . കോവിഡ് 19 വാക്സിനേഷനായി മൊബൈലിൽ തട്ടിപ്പു സംഘം അയക്കുന്ന സന്ദേശം വിശ്വസിച്ച് മറുപടി നൽകാൻ പോയാൽ വലിയ നഷ്ടങ്ങൾ സംഭവിക്കുമെന്ന് ജില്ലാ പോലിസ് മേധാവി കെ. കാർത്തിക് പറഞ്ഞു. ഒൺ ലൈൻ അക്കൗണ്ടിലുള്ളത് കൈക്കലാക്കുകയാണ് ഇത്തരം തട്ടിപ്പുകാർ ലക്ഷ്യമിടുന്നത്. ആധാർ കാർഡും ഈ മെയിൽ ഐഡിയുമൊക്കെയാണ് ഇവർ ആവശ്യപ്പെടുന്നത്. തുടർന്ന് മൊബൈലിൽ വരുന്ന ഒ.ടി.പി നമ്പർ കൈമാറുന്നതോടെ ഒൺലൈൻ അക്കൗണ്ടിൽ നിന്ന് പണം നഷ്ടപ്പെടുകയും ചെയ്യും. വാക്സിൻ വിതരണം ചെയ്യുവാനുള്ള തയ്യാറെടുപ്പ് നടക്കുന്നതിനിടയിൽ ജനം ഇവരുടെ വലയിൽ വീഴുകയും ചെയ്യും. ഒൺലൈൻ ലോൺ, ജോലി, സമ്മാനപ്പൊതി, വിസ, ഇൻകം ടാക്സ് റീഫണ്ട് തുടങ്ങി നടക്കുന്ന തട്ടിപ്പുകൾക്ക് സമാനമാണിതെന്ന് എസ്.പി കാർത്തിക് പറഞ്ഞു. ഡ്യൂപ്ലിക്കേറ്റ് സിം ഉപയോഗിച്ച് ഒൺലൈൻ ബാങ്കിംഗ് സംവിധാനത്തിൽ നുഴഞ്ഞു കയറി രണ്ടു മാസത്തിനുള്ളിൽ കേരളത്തിൽ നിന്നും ഒന്നരക്കോടി രൂപയോളം തട്ടിയ കേസിലെ പ്രധാന പ്രതിയായകൊൽക്കത്ത സ്വദേശിയെ ബാംഗ്ലൂരിൽ നിന്നും കഴിഞ്ഞയാഴ്ച എറണാകുളം റൂറൽ പോലിസ് പിടികൂടിയിരിന്നു.